# ഒരിക്കലും തള്ളിക്കളയാത്തവൻ



ലോകം മഹാമാരിയുടെ വിപത്തിൽ വിറങ്ങലിച്ചു നിൽക്കുകയാണല്ലോ. വൈറസിനെ പ്രതിരോധിക്കുന്നതിൽ വൈദ്യശാസ്ത്രം പരാജയപ്പെട്ടതോടെ വൈറസിനൊപ്പം ജീവിക്കാൻ നാം വിധിക്കപ്പെട്ടിരിക്കുകയാണ്. വൈറസ് ബാധിച്ച പലരും നിരവധി പ്രതിസന്ധികളിലൂടെയാണ് കടന്നു പോകുന്നത്. സ്വന്തം എന്നു കരുതിയവർപോലും ഒറ്റപ്പെടുത്തുകയും തള്ളിക്കളയുകയും ചെയ്തു. അങ്ങനെ വിവിധ നിലകളിൽ തിരസ്കരണത്തിന്റെ വേദന ഒരിക്കലെങ്കിലും അനുഭവിക്കാത്തവർ ചുരുക്കമാണ്. രോഗികളെന്നും, ദരിദ്രരെന്നും സ്ഥാനങ്ങളും മാനങ്ങളും ഒന്നും ഇല്ലാത്ത നിസാരന്മാരെന്നും ആക്ഷേപിച്ച് ഒറ്റപ്പെടൽ അനുഭവിക്കുമ്പോൾ മനസ് വേദനിച്ചിട്ടുണ്ടാവും. അയോഗ്യരെന്ന് കരുതി തള്ളിപ്പെടുമ്പോൾ ഹൃദയം മുറിവേൽക്കുന്നു. സമൂഹവും, പ്രസ്ഥാനങ്ങളും, സ്ഥാപനങ്ങളും ഒക്കെ നിശ്ചയിച്ചിരിക്കുന്ന പ്രത്യേക യോഗ്യതകൾ ഇല്ലാത്തവർ അവിടെ നിന്നും തള്ളപ്പെടുന്നു. ഓരോരുത്തരും അവരവരുടെ വിദ്യാഭ്യാസം, സമ്പത്ത്, സംസ്കാരം, ധാരണകൾ തുടങ്ങിയവയുടെ വെളിച്ചത്തിൽ മറ്റുള്ളവരെ അംഗീകരിക്കുകയും തിരസ്കരിക്കുകയും ചെയ്യുന്നു. ഭൗതിക ലോകത്തിലും ആത്മീക ലോകത്തിലും ഇത് ബാധകമാണ്.

യേശുവിന്റെ പരസ്യ ശുശ്രൂഷാകാലയളവിൽ സമൂഹം അകറ്റി നിർത്തിയിരുന്ന വിഭാഗക്കാരായിരുന്നു ചുങ്കക്കാർ, പാപികൾ, പുറജാതിക്കാർ തുടങ്ങിയവർ. സ്വയം നീതിമാന്മാർ എന്ന് സങ്കൽപിച്ചിരുന്ന, മതത്തിന്റെ വക്താക്കളായ പരീശന്മാർക്ക് യേശുവിനോടുണ്ടായിരുന്ന പകയുടെ പ്രധാന കാരണം യേശു ചുങ്കക്കാരെയും പാപികളെയും സ്വീകരിച്ചതായിരുന്നു. യേശു തന്റെ നയം വ്യക്തമാക്കിക്കൊണ്ട് പറഞ്ഞു, ''എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല'' (യോഹ. 6:37). സ്വീകരണത്തിനുള്ള യോഗ്യത യേശുവിന്റെ അടുക്കൽ വരിക എന്നതു മാത്രമായിരുന്നു.

ചുങ്കക്കാരുടെയും പാപികളുടെയും കൂടെ ഇരുന്ന് ഭക്ഷിക്കുന്ന യേശുവിനെ പരീശന്മാർ വിമർശിച്ചു. അത് കേട്ടാറെ – ''ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെക്കൊണ്ട് ആവശ്യമില്ല...... ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിപ്പാൻ വന്നത് എന്ന് പറഞ്ഞു (മത്താ. 9:12,13). പരീശന്റെയും ചുങ്കക്കാരന്റെയും പ്രാർഥനയെകുറിച്ചുള്ള ഉപമയിലും ദൈവം ചുങ്കക്കാരന്റെ പ്രാർഥനക്കാണ് മറുപടി കൊടുക്കുന്നത് (ലൂക്കോ. 18:3-14). സമൂഹത്തിൽ സാമ്പത്തികമായും, മാനസികമായും, ശാരീരികമായും, കുടുംബപരമായും ഒക്കെ മുറിവേറ്റ് ചികിത്സ ആവശ്യമുള്ള രോഗികളെ തേടിയാണ് യേശുവന്നത്.

''അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'' എന്നുള്ള യേശുവിന്റെ വിളി തള്ളപ്പെട്ടവർക്കു വേണ്ടി കൂടിയായിരുന്നു. 'എല്ലാവരും' വരുവിൻ എന്നാണ് യേശുവിളിച്ചത്. യോഗ്യതയുടെ അടിസ്ഥാനത്തിലല്ല, വന്നതിന്റെ അടിസ്ഥാനത്തിലാണ് യേശു ആശ്വാസം നൽകിയത്.

തള്ളപ്പെട്ട പട്ടണത്തിലെ പാപിനിയായ ഒരു സ്ത്രീ യേശുവിന്റെ അടുക്കൽ വന്നപ്പോൾ, പരീശനായ ശിമോൻ, പാപികൾക്ക് യേശു പാപക്ഷമ നൽകിയെന്ന് പറഞ്ഞ് പരിഹസിച്ചു. ശീമോൻ അവളെ മനസുകൊണ്ട് തള്ളിപറയുന്നത് യേശു മനസിലാക്കി. യേശുവിന്റെ കാൽക്കൽ കരഞ്ഞുകൊണ്ട് നിന്ന സ്ത്രീയെ തള്ളിക്കളയുവാൻ യേശുവിന് പക്ഷേ മനസില്ലായിരുന്നു. അവളെ സ്വീകരിക്കുവാൻ ഒരുക്കമില്ലാതെ കുറ്റം പറയുമ്പോൾ യേശു അവളെ സ്നേഹിച്ചു, സ്വീകരിച്ചു. ''നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു'' (ലൂക്കോ. 7:48) എന്നു പറഞ്ഞ് യേശു അവളെ സമാധാനത്തോടെ അയച്ചു.

തള്ളപ്പെട്ട രോഗികൾക്ക് യേശു സൗഖ്യം നൽകി. പല വൈദ്യന്മാരാലും ഏറെയൊന്ന് വഹിച്ചു, തനിക്കുള്ളതൊക്കെയും ചെലവഴിച്ചിട്ടും ഒട്ടും ഭേദം വരാഞ്ഞ രക്തസ്രാവക്കാരി സ്ത്രീയെ വൈദ്യന്മാരും, ബന്ധുക്കളും സമൂഹവും തള്ളിക്കളഞ്ഞതായിരുന്നു. യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ട അവൾക്ക് സൗഖ്യം ലഭിച്ചു. സൗഖ്യമാക്കുന്ന ശക്തി (മർക്കോ.5:30) അവളിലേക്ക് പ്രവഹിച്ചു. പന്ത്രണ്ടുവർഷമായി രോഗിയായിരുന്ന സ്ത്രീ പൂർണ്ണ സൗഖ്യം പ്രാപിച്ചു.

തള്ളപ്പെട്ട കുരുടനായ ബർത്തിമായിയെ അടുക്കൽ വിളിച്ച് സൗഖ്യം നൽകിയതും യേശുവാണ്. വിടുതലിനായി നിലവിളിച്ചവനെ ശിഷ്യന്മാരും സമൂഹവും ശാസിച്ചു.



പാസ്റ്റർ ഫിലിപ്പ് പി. തോമസ്

**മതത്തിന്റെ വക്താക്കളായ പരീശന്മാർക്ക് യേശുവിനോടുണ്ടായിരുന്ന പകയുടെ പ്രധാന കാരണം യേശു ചുങ്കക്കാരെയും പാപികളെയും സ്വീകരിച്ചതായിരുന്നു.**

എന്നാൽ കുരുടന്റെ നിലവിളിക്കു മുമ്പിൽ യേശു നിന്നു (മർക്കോ. 10:48). വ്യത്യസ്ത കാരണങ്ങളുടെ പേരിൽ സ്വന്തമെന്നു കരുതിയവർപോലും നിങ്ങളെ തള്ളുമ്പോൾ, ഉപേക്ഷിക്കുമ്പോൾ, ഉറക്കെ നിലവിളിക്കൂ.... യേശു നിങ്ങളെ ഒരുനാളും തള്ളിക്കളയില്ല. മനുഷ്യൻ സാമൂഹ്യ അകലം പാലിച്ച് അകന്നു നിന്നേക്കാം. എന്നാൽ സ്നേഹവാനായ നമ്മുടെ യേശു പറയുന്നു; ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്.

MGM Ministries- Articles Source: